സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം

ഡി.എ.നമ്പർ.6393/23/ബി.1

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തീയതി: 25.09.2023.

## സർക്കുലർ

വിഷയം: മാസാന്ത്യകണക്കുകൾ ലഭ്യമാക്കാത്തത്- ശമ്പളം ചെലവെഴുതുന്നത് തടയുന്നത് സംബന്ധിച്ച്.

സൂചന: തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 03.08.2023-ലെ Roc.87/12/Est-1 നമ്പർ നടപടി ഉത്തരവ്.

മേൽ സൂചന പ്രകാരം ഓരോ മാസത്തേയും മാസാന്ത്യകണക്ക് ബഡ്ജറ്റ് ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി തൊട്ടടുത്ത മാസം 15-ാം തീയതി മുമ്പായി ഈ ആഫീസിൽ ഹാജരാക്കിയാൽ മാത്രമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (ആഫീസ് മേധാവി, ജൂനിയർ സൂപ്രണ്ട്, ഡിവിഷണൽ അക്കൗണ്ട്സ് ആഫീസർ, ഹെഡ്ക്ലാർക്ക്) ശമ്പളം ചെലവെഴുതാൻ പാടുള്ളൂവെന്നും പ്രസ്തുത നിർദ്ദേശം ലംഘിക്കുന്ന പക്ഷം ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നും കൂടാതെ ക്ലെയിം ചെയ്ത തുക 18% പലിശ സഹിതം തിരികെ ഈടാക്കുന്നതുമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുള്ളതും ഇക്കാര്യത്തിനായി ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

എന്നാൽ മേൽപ്പറഞ്ഞ രീതിയിൽ ബഹു:ബോർഡിന്റെ കർശനമായ ഉത്തരവ് നിലനിൽക്കുമ്പോഴും അത് വക വയ്ക്കാതെ പല ആഫീസുകളും പ്രവൃത്തിക്കുന്നതായി കാണുന്നു.

**മേൽപ്പറഞ്ഞ രീതിയിൽ മാസാന്ത്യകണക്കുകൾ ഹാജരാക്കാതെ യാതൊരു കാരണവശാലും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ചെലവെഴുതാൻ പാടില്ലാത്തതാണ്.**

യഥാസമയം മാസാന്ത്യകണക്കുകളും കൂടാതെ 2020-21 വർഷത്തെ ഡബിൾ എൻട്രി സമ്പ്രദായത്തിലുള്ള വാർഷിക കണക്കും ഹാജരാക്കാത്തതുമായ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ വകുപ്പ് തല അച്ചടക്ക നടപടികൾക്ക് ശുപാർശ ചെയ്യാൻ ഈ ആഫീസ് നിർബന്ധിതമായിരിക്കുകയാണെന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

(ഒപ്പ്)
ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (ആമുഖ കത്ത് സഹിതം)
2. ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (ആമുഖ കത്ത് സഹിതം)
3. ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്. (ആമുഖ കത്ത് സഹിതം)
4. ഫിനാൻസ്&അക്കൗണ്ട്സ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
5. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
6. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ.
7. ഐ.ടി.സെക്ഷൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
8. സെക്ഷൻ ഫയൽ